പ്രീഡിഗ്രി ബോർഡിനെതിരെയുള്ള സമരം

489 [534] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, എ.കെ. പത്മനാഭൻ:
,, കെ. മൂസ്സക്കുട്ടി:
,, എം. ജിനദേവൻ:
,, വി. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീഡിഗ്രി ബോർഡു രൂപീകരണത്തിനെതിരേയുള്ള സമരം ഒത്തുതീർപ്പാക്കാൻ സർക്കാർ എന്തു നടപടി സ്വീകരിച്ചു;

(ബി) സമരരംഗത്തുള്ള സംഘടനാ പ്രതിനിധികളുമായി സർക്കാർ ചർച്ച വല്ലതും നടത്തിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) സമരത്തെത്തുടർന്ന് ഇതിനകം വിവിധ യൂണിവേഴ്സിറ്റികളിൽ എത്ര ജീവനക്കാരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്?

ഉത്തരം

(എ, ബി) സർവ്വകലാശാലാ ജീവനക്കാരുടെ സംഘടനകളുമായും മറ്റ് അദ്ധ്യാപക-അനദ്ധ്യാപക സർവ്വീസ് സംഘടനകളുമായി വിദ്യാഭ്യാസ മന്ത്രിയും മുഖ്യമന്ത്രിയും ഒന്നിലധികംതവണ ചർച്ച നടത്തിയിട്ടുണ്ട്. ബോർഡ് രൂപീകരണത്തെപ്പറ്റിയുള്ള തെറ്റിദ്ധാരണകളും സംശയങ്ങളും ദൂരീകരിക്കുന്നതിന് പ്രസ് റിലീസുകളും ഇറക്കുകയും റേഡിയോ, ദൂരദർശൻ മാദ്ധ്യമങ്ങളിലൂടെ ജീവനക്കാരുടെ സംശയങ്ങൾ പരിഹരിക്കാൻ പ്രക്ഷേപണങ്ങളും നടത്തിയിട്ടുണ്ട്. 10-6-1986-ൽ മുഖ്യമന്ത്രിയുടേയും പത്രപ്രസ്താവനയുണ്ടായി.

(സി) സസ്പെൻഡ് ചെയ്തിട്ടുള്ള ജീവനക്കാരുടെ കണക്ക് ചുവടെ ചേർക്കുന്നു.

(1) കേരള സർവ്വകലാശാല—732
(2) കോഴിക്കോട് സർവ്വകലാശാല—563
(3) ഗാന്ധിജി സർവ്വകലാശാല—42

തമിഴ് മീഡിയം ഒന്നാം സ്റ്റാൻഡേർഡിന്റെ ആരംഭം

490 [535] ശ്രീ. ജി. വരദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly